**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതികം- KEAM 2015 - അഖിലേന്ത്യാ തലത്തിൽ പ്രവേശനം ലഭിക്കുന്നതിനായി വിടുതൽ ചെയ്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ)നം: 312/2016/ഉവിവ** **തീയതി, തിരുവനന്തപുരം, 29/01/2016**

പരാമർശം:- 1) സർക്കാർ ഉത്തരവ് (സാധാരണ) നം. 2761/2015/ഉ.വി.വ, തീയതി : 26.10.2015

2) 26.08.2015 ൽ ശ്രീ. സാവിയോ ജോസ് സമർപ്പിച്ച നിവേദനം.

3) പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിലെ 06.01.2016 ലെ റ്റി.എ.1-5815/2015/പ്ര.പ.ക നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിക്കേണ്ടുന്ന തീയതി 15.08.2015 ഉം മെഡിക്കൽ /അനുബന്ധ കോഴ്സുകളിൽ പ്രവേശന നടപടികൾ അവസാനിപ്പിക്കേണ്ടുന്ന തീയതി 31.10.2015 ആണ്. എന്നാൽ 15.08.2015 ന് ശേഷം സർക്കാർ നടത്തുന്ന അലോട്ട്മെന്റിലൂടെ മെഡിക്കൽ /അനുബന്ധ കോഴ്സുകളിൽ ചേരുന്നതിനായി വിടുതൽ ചെയ്തിട്ടുള്ള സർക്കാർ /സർക്കാർ എയ്ഡഡ്/ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്ന് ഒഴിവാക്കുകയും അവർ അടച്ച ട്യൂഷൻ ഫീസ് മടക്കി നൽകുകയും ചെയ്യുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണർക്ക് അനുവാദം നൽകിയിട്ടുള്ളതാണ്. അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം ശ്രീ. സാവിയോ ജോസ് നിവേദനം സമർപ്പിക്കുകയുണ്ടായി.

ഗവൺമെന്റ് ടി വിഷയം വിശദമായി പരിശോധിച്ചു . സർക്കാർ /സർക്കാർ എയ്ഡഡ്/ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ എടുത്തതിന് ശേഷം അഖിലേന്ത്യാ തലത്തിൽ എഞ്ചിനീയറിംഗ് /മെഡിക്കൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കുകയും അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ കൊടുക്കുന്നതിനായി പ്രവേശന പരീക്ഷ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എം. എ. സ്റ്റീഫൻ**

**ഗവ. ഡപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ഡയറക്ടർ, സി. സി. ഇ. കെ, ചാരാച്ചിറ, കവടിയാർ പി.ഒ , തിരുവനന്തപുരം -03

ഡയറക്ടർ , എൽ.ബി. എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

ഡയറക്ടർ, കോ -ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം